# Metro Vaartha

## Kerala Tourism wins International Award

**Date: 30/04/2012 | Edition: Kochi | Page: 11 | Source: Bureau | Clip size (cm): W: 25 H: 16**

**Clip: 1 of 1**


# കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം

തിരുവനന്തപുരം

**ആ**ഗോള ബ്രാൻഡുകൾ മാറ്റുരയ്ക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷണൽ അഡ്വർട്ടൈസിങ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരള ടൂറിസത്തിനു വെങ്കല മെഡൽ. യുവർ മൊമന്റ് ഈസ് വെയ്റ്റിങ് എന്ന കേരള ടൂറിസം പ്രചാരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് അംഗീകാരം. മറ്റു വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ്‌വാഗൻ, യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവയ്ക്ക്.

യുവർ മൊമന്റ് ഈസ് വെയ്റ്റിങ്ങിനു ഫിലിം വിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്നു സ്വർണ മെഡലടക്കം ഒരു ഡസനിലേറെ പുരസ്കാരങ്ങൾ നേരത്തേ ലഭിച്ചിരുന്നു.




ബ്രാൻഡ് മാനെജ്മെന്റിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തിയ പ്രവർത്തനങ്ങൾക്കു ലഭിച്ച അംഗീകാരമാണ് പിയാഫ് പുരസ്കാരമെന്നു ടൂറിസം മന്ത്രി എ.പി. അനിൽ കുമാർ. കേരളമെന്ന ബ്രാൻഡ് ലോക ടൂറിസം സർക്കീട്ടിൽ പ്രചരിപ്പിക്കാൻ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് ടൂറിസം ഡയറക്റ്റർ റാണി ജോർജ്.

ആഗോള അഡ്വർട്ടൈസിങ് കലണ്ടറിലെ തനതായ പരിപാടിയാണു പിയാഫ്. ജേതാക്കളെ നിർണയിക്കുന്നത് ഈ മേഖലയിലെ പ്രൊഫഷനലുകളും പരസ്യദാതാക്കളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വിപണന മേഖലയിലെ വിദഗ്ധരും യുവ സർഗപ്രതിഭകളും ചേർന്ന്. കേരള ടൂറിസത്തിനൊപ്പം വേദി പങ്കിടാൻ സോണി പിക്ചേഴ്സും ഹൈനക്കനും ലെഗോയും ജർമനിയിൽ നിന്നു മക്ഡൊണാൾഡും ക്ഷണിക്കപ്പെട്ടിരുന്നു. സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസിന്റെ സാക്ഷാത്കാരത്തിൽ പ്രബുദ്ധ ദാസ ഗുപ്തയാണു യുവർ മൊമന്റ് ഈസ് വെയ്റ്റിങ്ങിന്റെ അച്ചടി വിഭാഗത്തിലെ പ്രചാരണ പരിപാടികൾ ക്യാമറയിലാക്കിയത്.